"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ കുമാരി സാമിയ്യ ഐ.പി. ക്ക് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.903/2026/LSGD തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-
1. കുമാരി സാമിയ്യ ഐ.പി. സമർപ്പിച്ച 10/03/2026 തിയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/04/2026 തിയതിയിലെ LSGD/PD/9551/2026-DEA2 നമ്പർ കത്ത്.
3. കുമാരി സാമിയ്യ ഐ.പി. യുടെ 20/04/2026 തിയതിയിലെ സാക്ഷ്യപത്രം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് പുറമേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കുമാരി സാമിയ്യ ഐ പി. ക്ക് തിരുവനന്തപുരം iLearn IAS അക്കാദമിയിൽ UPSC prelims Cum Main പരിശീലനത്തിനായി 28/03/2026 മുതൽ 28/09/2027 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന ടിയാളുടെ പരാമർശം (1) അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി സാമിയ്യ ഐ പി., 28/03/2026 മുതൽ 28/09/2027 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും ടിയാൾ നാളിതുവരെയും അവധിയിൽ പ്രവേശിച്ചിട്ടില്ല എന്ന പരാമശം (3) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതിക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തിയതി മുതൽ 28/09/2027 വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശുന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകയുടെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാളുടെ സേവനകാര്യത്തിൽ **KSR** ഭാഗം **I** അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കുമാരി സാമിയ്യ ഐ.പി., സെക്രട്ടറി, പുറമേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഇപിബി1/85/2026/തസ്വഭവ. നമ്പർ ഫയൽ)*

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 21-04-2026 22:40:07**

സെക്ഷൻ ഓഫീസർ